**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6563** **11-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വിളകളുടെ നഷ്ടങ്ങൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭങ്ങളിൽ കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തിര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും, സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും, കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തിര നഷ്ടപരിഹാരം ലഭിക്കുന്നതിനായി AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുവാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. അപേക്ഷകളിന്മേൽ ഫീൽഡ്തല പരിശോധനകൾ അടിയന്തിരമായി നടത്തിവരികയാണ്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിന് നെൽവിത്തിന്റെ കരുതൽ ശേഖരം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കർഷകരുടെ ആവശ്യം പരിഗണിച്ച് കഴിഞ്ഞ 2021 ഒക്ടോബർ മാസം 12-ാം തീയതി മുതൽ ഒക്ടോബർ 30 വരെ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ AIMS പോർട്ടലിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2021 നവംബർ മാസം 15-ാം തീയതി വരെ നീട്ടി നൽകിയിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കൂടി പരിശോധിച്ച് നഷ്ടപരിഹാരം തിട്ടപ്പെടുത്തി ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇക്കഴിഞ്ഞ കാലവർഷ-പ്രളയ കെടുതിയിൽ നേന്ത്രവാഴകന്നുകൾ വ്യാപകമായി നശിച്ചുപോയതിൽ, വാഴകർഷകർക്ക് | (ബി) | വാഴകൃഷി നശിച്ചുപോയ കർഷകർക്ക്, കുലക്കാത്ത വാഴയ്ക്ക് ഒരെണ്ണത്തിന് 75 രൂപയും, കുലച്ച വാഴയ്ക്ക് ഒരെണ്ണത്തിന് 100 രൂപയും (സംസ്ഥാന വിഹിതവും, |

| | | | |
|---|---|---|---|
| | നഷ്ടപരിഹാരവും പുതിയ കന്നുകൾ നൽകുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുമോ ; | | സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത്) ധനസഹായമായാണ് നൽകുന്നത്. വാഴക്കന്ന് നൽകുന്നില്ല. എന്നാൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം വാഴക്കന്ന് വിതരണത്തിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ള പഞ്ചായത്തുകളിൽ കർഷകർക്ക് അതാത് പ്രദേശത്തെ കൃഷിഭവൻ മുഖേന കൃഷി ചെയ്യുന്നതിനായി വാഴക്കന്നുകൾ വിതരണം നടത്തുന്നുണ്ട്. |
| (സി) | ഒരു ദിവസം പൂർണ്ണമായും വെള്ളത്തിൽ മുങ്ങിക്കിടന്നതുമൂലം നശിച്ചുപോകുന്ന മുഴുവൻ വാഴക്കന്നുകളേയും (വളർച്ച ദിനങ്ങൾ) സമയപരിധി കണക്കാക്കാതെ നഷ്ടപരിഹാര പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ (SDRF/NDRF) അനുസരിച്ചാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത്. അത് പ്രകാരം കുലയ്ക്കാത്ത ഒരു വാഴയ്ക്ക് SDRF-ൽ നിന്നും അനുവദനീയമായ തുക 5.40 രൂപയ്ക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായമായ 69.60 രൂപ വിഹിതവും കൂടി ചേർത്ത് 75 രൂപയാണ് നൽകുന്നത്. പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ചിട്ടുണ്ടെങ്കിൽ നട്ട വാഴ കുലച്ചിട്ടില്ലെങ്കിൽ ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ